(ബി) റീജിയണൽ കമ്മറിറികളിൽ എത്ര വീതം അംഗങ്ങളാ ഉണ്ട്;

(സി) ഈ കമ്മറിറികളാ എടുക്കുന്ന തീരുമാനം നടപ്പാക്കാൻ കോർപ്പറേഷന് നിയമപരമായി ബാദ്ധ്യതയുണ്ടോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) സ്റേറേറ് ട്രാൻസ്പോർട്ട് അഡൈസറി കമ്മറിറിയിൽ 125 അനൗദ്യോഗിക അംഗങ്ങളാ ഉണ്ട്.

(ബി) റീജിയണൽ കമ്മറിറികളിലുള്ള അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	:	53
കൊല്ലം	:	56
കോട്ടയം	:	56
എറണാകുളം	:	38
തൃശ്ശൂർ	:	43
കോഴിക്കോട്	:	69

(സി) ഇല്ല. ഈ കൗൺസിലുകളാ ഉപദേശകരൂപത്തിലുള്ളതാണ്. ഇവയുടെ ശുപാർശകളാ നടപ്പാക്കാൻ നിയമപരമായ ബാദ്ധ്യതയില്ലെങ്കിലും കഴിവതും അവ നടപ്പാക്കാൻ ശ്രമിക്കുന്നുണ്ട്.

ബസ് ചാർജ്ജ് വർദ്ധനവ്

*283 [299] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് ചാർജ് ഇനിയും വർദ്ധിപ്പിക്കാൻ പോകുന്നു എന്നു ചില പത്രങ്ങളിൽ വന്ന വാർത്ത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കിലോമീറററിന് എത്ര പൈസയുടെ വർദ്ധനവാണെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോളാ തന്നെ കെ. എസ്. ആർ. ടി. സി. അയൽ സംസ്ഥാനത്തെ അപേക്ഷിച്ച് വളരെ കൂടുതൽ ചാർജ്ജാണ് ഈടാക്കിവരുന്നതെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) പൊതുജനങ്ങളെ വിഷമിപ്പിക്കുന്ന ഈ ബസ്ചാർജ് വർദ്ധനവ് നിറുത്തിവെക്കാൻ നടപടി സ്വീകരിക്കുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഉണ്ട്.

(ബി) ചാർജ്ജ് വർദ്ധന സംബന്ധിച്ച് യാതൊരു തീരുമാനവും ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(സി) അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കെ. എസ്. ആർ. ടി. സി. വളരെ കൂടുതൽ ചാർജ്ജാണ് ഈടാക്കിവരുന്നതെന്ന പരാമർശം വസ്തുതകൾക്ക് വിരുദ്ധമാണ്.

(ഡി) ഈ പ്രശ്നം ഇപ്പോളാ ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly